പാഠം 4

# തീച്ചൂളയിൽനിന്നു കൊട്ടാരത്തിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനി. 3; വെളി. 13:11–18; പുറ. 20:3–6; ആവ. 6:4; 1 കൊരി. 15:12–26; എബ്രാ. 11.**

**മനഃപാഠവാക്യം: "ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിക്കുവാൻ കഴിയുമെങ്കിൽ അവിടുന്നു ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കൈയിൽനിന്നും വിടുവിക്കും" (ദാനിയേൽ 3:17).**

"അങ്ങനെ ഈ യുവാക്കന്മാർ, പരിശുദ്ധാന്മാവിനാൽ ഉത്തേജിതരായി മുഴുവൻ രാജ്യത്തോടും തങ്ങളുടെ വിശ്വാസം പ്രഖ്യാപിച്ചു, അതായത് അവർ സേവിക്കുന്ന ദൈവം മാത്രമാണ് സത്യദൈവവും ജീവിക്കുന്ന ദൈവവും. തങ്ങളുടെ സ്വന്തം വിശ്വാസത്തിന്റെ ഈ പ്രകടനം അവരുടെ തത്വങ്ങളുടെ ഏറ്റവും വാചാലമായ അവതരണം ആയിരുന്നു. ജീവിക്കുന്ന ദൈവത്തിന്റെ ശക്തിയും മഹിമയും വിഗ്രഹാരാധികൾക്കു ബോദ്ധ്യമാക്കുവാൻ, ആ ദൈവത്തിന്റെ ദാസന്മാർ തങ്ങളുടെ ദൈവത്തോടുള്ള ഭക്ത്യാദരവ് വെളിപ്പെടുത്തണം. ആ ദൈവം മാത്രമാണ് അവരുടെ ആദരവിനും ആരാധനയ്ക്കും അർഹനെന്ന് അവർ പ്രകടമാക്കണം. യാതൊരു പരിഗണനയും, ജീവന്റെ സംരക്ഷണംപോലും, വിഗ്രഹാരാധനയിലേക്ക് അവരെ സ്വാധീനിക്കുവാൻ കഴിയുകയില്ലെന്ന് അവർ കാണിച്ചുകൊടുക്കണം. ഈ അന്ത്യനാളുകളിൽ നമ്മുടെ ജീവിതാനുഭവങ്ങളുടെമേൽ ഈ പാഠങ്ങൾക്കു നേരിട്ടുള്ളതും ജീവൽപ്രധാനവുമായ ബന്ധമുണ്ട്." Ellen G. White, In Heavenly Places, p. 149. ആരാധന സംബന്ധമായ പ്രശ്നങ്ങളിൽ മരണഭീഷണി നേരിടേണ്ടിവരുമ്പോൾ, അതൊക്കെ ശാസ്ത്രപൂർവ്വ, അന്ധവിശ്വാസയുഗത്തിലെ കാര്യമെന്നു തോന്നിയേക്കാം. പക്ഷേ ലോകം വളരെയേറെ "പുരോഗമിച്ച" കാലത്തിന്റെ അന്ത്യത്തിൽ, ലോകവ്യാപകമായി അത്തരം കാര്യങ്ങൾ വെളിപ്പെട്ടുവരുമെന്നു തിരുവെഴുത്തു വെളിവാക്കുന്നു. അങ്ങനെ ഈ പഠനത്തിൽനിന്നും തിരുവെഴുത്ത് അനുസരിച്ചു, ദൈവജനത്തിനു പ്രശ്നങ്ങൾ ഉണ്ടാകുമെന്ന ഉൾക്കാഴ്ച നമുക്കു ലഭിക്കുന്നു.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 25 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## സ്വർണ്ണബിംബം

**ദാനിയേൽ 3:1–7 വായിക്കുക. ഇത്തരം ഒരു പ്രതിമ ഉണ്ടാക്കുവാൻ രാജാവിനെ പ്രേരിപ്പിച്ചത് എന്തായിരിക്കും?**

സ്വപ്നത്തിനും സ്വർണ്ണപ്രതിമയുടെ നിർമ്മാണത്തിനും മദ്ധ്യേ നാളുകൾ കഴിഞ്ഞുപോയി. സ്വപ്നത്തെയും, ബാബിലോൺ മറ്റു ശക്തികൾക്കായി വഴി മാറുമെന്ന വസ്തുതയും രാജാവിന് ഒരിക്കലും മറക്കുവാൻ കഴിയുന്നതല്ല. സ്വർണ്ണം കൊണ്ടുള്ള തലകൊണ്ടുമാത്രം തൃപ്തിപ്പെടുവാൻ രാജാവ് ഒരുക്കമല്ല. തന്റെ രാജ്യം ചരിത്രത്തിൽ എക്കാലവും നിലനിൽക്കുമെന്നു തന്റെ പ്രജകളെ അറിയിക്കുന്നതിനു, മുഴുവൻ സ്വർണ്ണത്തിൽ ഒരു പ്രതിമ ഉണ്ടാക്കുവാൻ രാജാവ് ആഗ്രഹിച്ചു.

ഇത്തരം അഹംഭാവ മനോഭാവം, ദൈവത്തെതന്നെ വെല്ലുവിളിച്ചു. തങ്ങളുടെ അഹങ്കാരത്തിൽ ബാബേൽ ഗോപുരം നിർമ്മിച്ചവരെ ഇത് ഓർമ്മപ്പെടുത്തുന്നു. നെബൂഖദ്നേസ്സറിനും അഹങ്കാരം കുറവല്ല. ബാബിലോണിന്റെ ഭരണാധിപൻ എന്ന നിലയിൽ അദ്ദേഹം വളരെയേറെ കാര്യങ്ങൾ നിർവ്വഹിച്ചു. തന്റെ രാജ്യം കാലക്രമേണ നീങ്ങിപ്പോകും എന്ന ആശയത്തോടൊപ്പം ജീവിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ തന്റെ സ്വയം പുകഴ്ചയിൽ തന്റെ അധികാരം പ്രകടിപ്പിക്കുവാനും തന്റെ ജനങ്ങളുടെ കൂറ് വിലയിരുത്തുവാനുമായി ഒരു പ്രതിമ വാർത്തുണ്ടാക്കി. പ്രതിമ ഏതെങ്കിലും ദേവനെയാണോ തന്നെത്തന്നെയാണോ പ്രതിനിധീകരിക്കുന്നതെന്നു വ്യക്തമല്ലെങ്കിലും, പുരാതനകാലത്ത് രാഷ്ട്രീയത്തെയും മതത്തെയും വേർതിരിക്കുന്ന രേഖ ഉണ്ടായിരുന്നെങ്കിൽപ്പോലും പലപ്പോഴും വികലമായിരുന്നു.

സത്യദൈവത്തെ അറിയുവാൻ നെബൂഖദ്നേസ്സർരാജാവിന് രണ്ട് അവസരങ്ങൾ ഉണ്ടായി എന്നതും നാം ഓർക്കണം. ഒന്നാമത്, എബ്രായ ബാലന്മാരെ പരിശോധിച്ച്, അവർ രാജ്യത്തെ മറ്റു ജ്ഞാനികളെക്കാൾ പത്തുമടങ്ങു മികച്ചവരെന്നു ബോദ്ധ്യപ്പെട്ടതാണ്. രണ്ടാമത്, സ്വപ്നം രാജാവിന് ഓർമ്മപ്പെടുത്തുവാൻ വിദ്വാന്മാർ പരാജയപ്പെട്ടപ്പോൾ, ദാനിയേൽ രാജാവിന്റെ മനസ്സിലെ ചിന്തകളും സ്വപ്നവും അതിന്റെ വ്യാഖ്യാനവും അറിയിച്ചു. ദാനിയേലിന്റെ ദൈവത്തിന്റെ അതിശ്രേഷ്ഠത ഒടുവിൽ രാജാവു തിരിച്ചറിഞ്ഞതാണ്. ആ മുൻകാല ദൈവശാസ്ത്രമൊന്നും വിഗ്രഹാരാധനയിലേക്കു തിരിച്ചുപോകുന്നതിൽനിന്നു പിന്തിരിപ്പിച്ചില്ല എന്നത് ഏറെ അതിശയകരമാണ്. എന്തുകൊണ്ട്? ഏറ്റവും സാദ്ധ്യമായ കാരണം അഹങ്കാരം തന്നെ. തങ്ങളുടെ ധനവും ബുദ്ധിപരമായ നേട്ടങ്ങളും മായ ആണെന്നും എല്ലാം അപ്രത്യക്ഷമാകുമെന്നും സമ്മതിക്കുവാൻ പാപികളായ മനുഷ്യർക്കു സാധിക്കുകയില്ല. ചെറിയ "നെബൂഖദ്നേസ്സർമാർ" ആയി നാം ചിലപ്പോൾ പ്രവർത്തിച്ചേക്കാം. അങ്ങനെ നമ്മൾ നമ്മുടെ നേട്ടങ്ങൾക്കു കൂടുതൽ ശ്രദ്ധ കൊടുക്കുകയും, നിത്യതയുടെ മുഖത്ത് അവ എത്ര അർത്ഥശൂന്യമാണെന്നു മറക്കുകയും ചെയ്യുന്നു.

**നെബൂഖദ്നേസ്സർ വീണ അതേ കെണിയിൽ, അതു വളരെ തന്ത്രപരം ആയിരുന്നാലും, അതിൽ വീണുപോകാതാരിക്കാൻ നമുക്ക് എങ്ങനെ പഠിക്കാൻ കഴിയും?**

## ആരാധനയ്ക്കുള്ള ആഹ്വാനം

**ദാനിയേൽ 3:8–15; വെളിപ്പാട് 13:11–18 വായിക്കുക. ദാനിയേലിന്റെ കാലത്തു സംഭവിച്ചതിലും ഭാവികാലത്ത് സംഭവിക്കുന്നതിലും എന്തെല്ലാം സമാനതകൾ നമുക്കു കാണാൻ കഴിയുന്നു?**

ദുരാ സമഭൂമിയിൽ നിൽക്കുന്ന സ്വർണ്ണബിംബം. അതിന്റെ അക്കാദിയൻ ഭാഷയിലുള്ള അർത്ഥം "ചുവരുകളുള്ള സ്ഥലം" (Walled Place) എന്നാണ്. ആ സ്ഥലത്തിനു 'വിശാലമായ ആരാധനാലയം' എന്ന ധാരണയാണു നൽകുന്നത്. അതു പോരാഞ്ഞിട്ടു സമീപത്തുള്ള തീച്ചൂള ഒരു ബലിപീഠത്തിന്റെ ഓർമ്മ ഉണർത്തുന്നു. ബാബിലോണിയൻ സംഗീതമാകട്ടെ ആരാധനാക്രമത്തിന്റെ ഭാഗവുമാണ്. ഏഴുതരം വാദ്യോപകരണങ്ങൾ പട്ടികയിലുണ്ട്, ആരാധന മുൻഗണനാക്രമത്തിന്റെ പൂർണ്ണതയെയും അതിന്റെ ഫലപ്രാപ്തിയെയുമാണ് ഇതു സൂചിപ്പിക്കുന്നത്.

പുതിയ ജീവിതരീതിയും പുതിയ ആദർശങ്ങളും സ്വീകരിക്കുവാനും, ദൈവത്തിന്റെ വചനത്തിൽ കാണപ്പെടുന്ന ദൈവത്തിന്റെ അധികാരത്തോടുള്ള സമർപ്പണത്തെ ഉപേക്ഷിച്ചു, ബാബിലോണിയൻ സാമ്രാജ്യത്തിന്റെ ഇക്കാലത്തെ പിൻഗാമികൾക്കു നമ്മുടെ കടപ്പാടു സമർപ്പിക്കുവാനുമുള്ള ആഹ്വാനങ്ങൾക്കൊണ്ട് എല്ലാവശങ്ങളിൽനിന്നും നമുക്കു ബോംബാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ പ്രലോഭനം ചിലപ്പോൾ കവിഞ്ഞൊഴുകുകയാണ്, എന്നാൽ ദൈവത്തോടു, ദൈവത്തോടുമാത്രമാണ് അന്തിമമായി നമ്മുടെ കടപ്പാടെന്നു നാം നമ്മെത്തന്നെ ഓർമ്മപ്പെടുത്തണം.

പ്രവാചക കലണ്ടർ പ്രകാരം നമ്മൾ ലോക ചരിത്രത്തിന്റെ അന്ത്യനാളുകളിലാണു ജീവിക്കുന്നത്. ഭൂവാസികളൊക്കെ മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാൻ ആഹ്വാനം ചെയ്യപ്പെടുമെന്നു വെളിപ്പാട് 13 വിളിച്ചറിയിക്കുന്നു. ആ പ്രസ്ഥാനം, "സകലർക്കും, ചെറിയവരോ വലിയവരോ, ധനവാനോ ദരിദ്രനോ, സ്വതന്ത്രനോ ദാസനോ ആയ ഏവർക്കും നെറ്റിമേലോ വലതു കൈമേലോ ഒരു അടയാളം ലഭിക്കുമാറാക്കും" (വെളി. 13:16).

ആറു വിഭാഗം മനുഷ്യർ മൃഗത്തിന്റെ പ്രതിമക്കു പ്രതിപത്തി നൽകുമെന്നു പറയപ്പെട്ടിരിക്കുന്നു. "ചെറിയവരും വലിയവരും, ധനവാനും ദരിദ്രനും, സ്വതന്ത്രനും ദാസനും." മൃഗത്തിന്റെ സംഖ്യയായ 666 ഉം 6 നെ എടുത്തു പറയുന്നു. നെബൂഖദ്നേസ്സർ നിർത്തിയ സ്വർണ്ണബിംബം, കാലാന്ത്യ ബാബിലോൺ അന്ത്യനാളുകളിൽ ചെയ്യാൻ പോകുന്നതിന്റെ ഒരു ദൃഷ്ടാന്തം മാത്രമാണ് (ദാനി. 3:1 കാണുക). അതുകൊണ്ട്, ഈ കഥാവിവരണത്തിന്റെ ആശയങ്ങളെയും ദൈവം എപ്രകാരം ഉന്നതാധികാരത്തോടെ ലോകകാര്യങ്ങളെ നയിക്കുന്നു എന്നതിനെയും സശ്രദ്ധം വീക്ഷിക്കുന്നു.

**ആരാധന എന്നത് കേവലം എന്തിന്റെയെങ്കിലും, ആരുടെയെങ്കിലും മുമ്പിൽ കുനിഞ്ഞു നമസ്കരിക്കുന്നതും, അന്തിമ കടപ്പാട് പരസ്യമായി പ്രകടിപ്പിക്കുന്നതും അല്ല. നമ്മുടെ കർത്താവിനെ അല്ലാതെ മറ്റെന്തിനെ എങ്കിലും ആരാധിക്കുന്നതിൽ നമ്മൾ അകപ്പെട്ടുപോകാനിടയാക്കുന്ന മാർഗ്ഗങ്ങൾ, ഗൂഢമാർഗ്ഗങ്ങൾ എന്തൊക്കെയാണ്?**

## അഗ്നിശോധന

ആ മൂന്നു എബ്രായർക്കു, രാജാവ് അടിച്ചേല്പിച്ച ബിംബാരാധന, അവരുടെ ആദ്യകാലങ്ങളിൽ യെരൂശലേം വിശുദ്ധമന്ദിരത്തിൽ അനുഭവപ്പെട്ട ആരാധനയ്ക്കു വിരുദ്ധവും നിഷിദ്ധവും ആയിരുന്നു. സാമ്രാജ്യത്തിൽ അവർക്ക് ഉദ്യോഗവും രാജാവിനോടു കൂറും ഉണ്ടായിരുന്നെങ്കിലും, ദൈവത്തോടുള്ള കടപ്പാട് മനുഷ്യരോടുള്ള കടപ്പാടിനു പരിധി വച്ചിട്ടുണ്ടായിരുന്നു. വിശ്വസ്തരായ ഭരണാധിപരായി രാജാവിനെ സേവിക്കുവാൻ നിശ്ചയമായും അവർ ഒരുക്കമായിരുന്നു; എങ്കിലും അവർക്ക് ആ ആചാരത്തിൽ പങ്കെടുക്കുവാൻ കഴിയുമായിരുന്നില്ല.

**പുറപ്പാട് 20:3–6; ആവർത്തനം 6:4 വായിക്കുക. ഈ യുവാക്കന്മാരെ സ്വാധീനിച്ച ഈ വാക്യങ്ങൾ നൽകുന്ന ആശയം എന്താണ്?**

രാജാവിന്റെ നിർദ്ദേശങ്ങളെ തുടർന്നു, വാദ്യോപകരണങ്ങളുടെ ശബ്ദത്തിൽ സകലജനവും സ്വർണ്ണബിംബത്തെ കുനിഞ്ഞു നമസ്കരിച്ചു. മൂന്നു പേർ മാത്രമേ- ശദ്രക്ക്, മേശക്ക്, അബേദ്നെഗോ - രാജാവിനെ അനുസരിക്കാതിരിക്കാൻ ധൈര്യപ്പെട്ടുള്ളൂ. ഉടൻ തന്നെ ചില ബാബിലോണിയക്കാർ രാജാവിനെ വിവരം ധരിപ്പിച്ചു. ആരോപകർ രാജാവിന്റെ കോപം ജ്വലിപ്പിക്കും വിധമാണ് സംസാരിച്ചത് (1) രാജാവു തന്നെയാണ് ഇവരെ ബാബിലോണിയൻ പ്രവിശ്യകൾക്ക് അധിപരാക്കിയത്; (2) യെഹൂദ്യർ രാജാവിന്റെ ദേവന്മാരെ സേവിക്കുന്നില്ല; (3) രാജാവ് നിർത്തിയ സ്വർണ്ണബിംബത്തെ അവർ നമസ്കരിക്കുന്നില്ല (ദാനിയേൽ 3:12). പക്ഷേ അവരോടുള്ള അതിരൂക്ഷമായ കോപത്തിലും രാജാവ് അവർക്കു രണ്ടാമത് ഒരവസരംകൂടി നൽകി. ഈ യുവാക്കൾക്കു നിലപാടു മാറ്റി പ്രതിമയെ നമസ്കരിക്കുന്നതിനുവേണ്ടി മുഴുവൻ നടപടികളും ആവർത്തിക്കുവാൻ രാജാവ് ഒരുക്കമായിരുന്നു. അവർ ഇനിയും നിഷേധിക്കുകയാണെങ്കിൽ അവർ തീച്ചൂളയിൽ എറിയപ്പെടുമെന്ന് ഉറപ്പായിരുന്നു. അത്യന്തം ഗർവ്വോടുകൂടി രാജാവ് അവകാശപ്പെട്ടു: “നിങ്ങളെ എന്റെ കൈയിൽനിന്നു വിടുവിക്കുന്ന ദേവൻ ആർ?” (ദാനി. 3:15).

അമാനുഷികമായ ധൈര്യത്തോടെ അവർ രാജാവിനോടു പ്രതികരിച്ചു: “അതാണു കാര്യമെങ്കിൽ, ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവത്തിനു എരിയുന്ന തീച്ചൂളയിൽനിന്നു ഞങ്ങളെ വിടുവിക്കുവാൻ കഴിയും. രാജാവേ, ദൈവം ഞങ്ങളെ രാജാവിന്റെ കൈയിൽനിന്നും വിടുവിക്കും. അങ്ങനെ സംഭവിച്ചില്ലെങ്കിലും, രാജാവേ അറിഞ്ഞുകൊള്ളുക, ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കുകയോ രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ ആരാധിക്കുകയോ ചെയ്യുകയില്ല” (ദാനി. 3:17,18).

**ദൈവത്തിന് അവരെ വിടുവിക്കുവാൻ കഴിയുമെന്ന് അറിഞ്ഞിരുന്നെങ്കിലും അതിന് ഉറപ്പൊന്നും ഇല്ലായിരുന്നു. എന്നിരുന്നാലും, ജീവനോടെ ദഹിപ്പിക്കപ്പെടുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവർ രാജാവിന്റെ കല്പനയെ നിരസിച്ചു. അത്തരം ഉറച്ച വിശ്വാസം നമുക്ക് എവിടെ നിന്നാണു കിട്ടുന്നത്?**

## നാലാമത്തെ മനുഷ്യൻ

**ദാനിയേൽ 3:19-27 വായിക്കുക. എന്താണു സംഭവിച്ചത്? തീയിൽ കാണപ്പെട്ട നാലാമൻ ആരായിരുന്നു?**

വിശ്വസ്തരായ എബ്രായരെ തീയിൽ എറിഞ്ഞ നെബൂഖദ്നേസ്സർ തീയിൽ നാലാമത്തെ ആളിനെ കണ്ട് അന്ധാളിച്ചു പോയി. തന്റെ ഏറ്റവും മെച്ചമായ അറിവിൽ രാജാവു നാലാമത്തെ രൂപം "ദൈവപുത്രന്റേതു"പോലെ എന്നു തിരിച്ചറിഞ്ഞു (ദാനി. 3:25).

രാജാവിന് അധികമൊന്നും പറയുവാൻ കഴിഞ്ഞില്ല. നാലാമത്തെ വ്യക്തി ആരെന്നു നമുക്കറിയില്ല. ആ വ്യക്തി സോദോം ഗോമോറയുടെ നശീകരണത്തിനു മുമ്പ് അബ്രാഹാമിനു പ്രത്യക്ഷപ്പെട്ടിരുന്നു; യാബോക് നദിക്കരയിൽ വെച്ചു യാക്കോബുമായി മല്ലിട്ടു; കത്തുന്ന മുൾപ്പടർപ്പിൽ മോശെയ്ക്കു സ്വയം വെളിപ്പെടുത്തി. അതു യേശുക്രിസ്തുവിന്റെ ജഡാവതാരത്തിനുമുമ്പുള്ള രൂപം ആയിരുന്നു. ദൈവജനത്തിന്റെ കഷ്ടങ്ങളിൽ അവരോടുകൂടെ നിൽക്കുവാൻ ദൈവം വരുന്നു എന്നാണ് ഇതെല്ലാം കാട്ടിത്തരുന്നത്.

എല്ലെൻ ജി. വൈറ്റ് പറയുന്നു: "എന്നാൽ കർത്താവു തന്റെ സ്വന്തമായതിനെ മറന്നില്ല. അവിടുത്തെ സാക്ഷികൾ തീച്ചൂളയിൽ എറിയപ്പെട്ടപ്പോൾ, രക്ഷകൻ സ്വയം വ്യക്തിയായി വെളിപ്പെട്ടു. അവർ ഒരുമിച്ചു തീയിൽ നടന്നു. ചൂടിന്റെയും തണുപ്പിന്റെയും കർത്താവിന്റെ സാന്നിധ്യത്തിൽ, അഗ്നിജ്വാലയ്ക്കു നശീകരണശക്തി നഷ്ടമായി." Prophets and Kings, pp. 508-509.

ദൈവം യെശയ്യാവിലൂടെ പറഞ്ഞതുപോലെ "നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും, നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെമീതെ കവിയുകയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകുകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല (യെശ. 43:2).

ഇങ്ങനെയുള്ള കഥകളെ നാം ഇഷ്ടപ്പെടുന്നുണ്ടെങ്കിലും വിശ്വാസത്തിനുവേണ്ടി പീഡിപ്പിക്കപ്പെട്ട മറ്റുള്ളവർ അത്ഭുതകരമായി വിടുവിക്കപ്പെട്ടില്ല എന്നതിനെ സംബന്ധിച്ചു ചോദ്യം ഉയർത്താതിരിക്കുന്നില്ല. ആ മനുഷ്യർക്കു യെശയ്യാവിന്റെയും സെഖര്യയുടെയും അനുഭവം അറിയാം, അവർ ദുഷ്ടരായ രാജാക്കന്മാരാൽ കൊല്ലപ്പെട്ടു. വിശുദ്ധ ചരിത്രത്തിൽ എന്നും, നമ്മുടെ കാലത്തുപോലും, വിശ്വസ്തരായ ക്രിസ്ത്യാനികൾ തങ്ങൾക്ക് അന്ത്യം വരുത്തിയ ഭീകര പീഡനങ്ങൾ സഹിച്ചിട്ടുണ്ട്; അത്ഭുതകരമായ വിടുതലല്ല, അതിവേദനയാൽ അവർ മരിച്ചു. ഇവിടെ ഒരു സംഭവത്തിലെങ്കിലും വിശ്വസ്തരായവർക്ക് അത്ഭുതരക്ഷ കിട്ടി, എന്നാൽ നമുക്കറിയാം അത്തരം കാര്യങ്ങൾ സാധാരണ സംഭവിക്കുന്നില്ല.

**ഇവിടത്തെ ദുഃസ്ഥിതികൾ എന്തൊക്കെ ആയിരുന്നാലും ദൈവത്തിന്റെ വിശ്വസ്തരായ ജനത്തിന് ഉണ്ടാകുവാനിരിക്കുന്ന അത്ഭുതവിടുതൽ എന്താണ്? (1 കൊരി. 15:12-26)**

## അത്തരം ഒരു വിശ്വാസത്തിന്റെ രഹസ്യം

ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവരുടെ അനുഭവങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ നാം നമ്മോടുതന്നെ ചോദിച്ചേക്കാം: *അത്ര ശക്തമായ ഒരു വിശ്വാസത്തിന്റെ രഹസ്യം എന്താണ്*? വിഗ്രഹത്തെ ആരാധിക്കാതെ ജീവനോടെ വെന്തെരിയാൻ അവർക്ക് എങ്ങനെ മനസ്സ് വന്നു? രാജാവിന്റെ കല്പനയ്ക്കു കീഴ്പ്പെട്ടു വിഗ്രഹത്തെ വന്ദിക്കുന്നതിന് അവർക്ക് തോന്നാമായിരുന്ന ന്യായീകരണങ്ങളെക്കുറിച്ചു ചിന്തിക്കുക. എന്തെല്ലാമായാലും അവർ നിവർന്ന് ഉറച്ചുനിന്നു.

**എബ്രായർ 11 വായിക്കുക. വിശ്വാസം എന്താണെന്ന് ഇത് എങ്ങനെ പഠിപ്പിക്കുന്നു?**

അത്തരം ഒരു വിശ്വാസം വികസിപ്പിക്കുവാൻ വിശ്വാസം എന്താണെന്നു നമ്മൾ ഗ്രഹിക്കണം. ചിലർക്ക് ഒരു അളവുള്ള വിശ്വാസ അവബോധമാണുള്ളത്. ദൈവത്തിൽനിന്നു പ്രാർത്ഥനക്കു ലഭിച്ച മറുപടികൊണ്ട് അവർ വിശ്വാസത്തെ അളക്കുന്നു. അവർ വ്യാപാരസ്ഥാപനങ്ങളിലേക്കു പോകുമ്പോൾ പാർക്കിങ് സ്ഥലത്തിനായി പ്രാർത്ഥിക്കുന്നു. അതു ലഭിച്ചാൽ അവർക്കു ശക്തമായ വിശ്വാസം ഉണ്ടെന്ന് അവർ കണക്കാക്കുന്നു. വാഹനം ഇടാൻ സ്ഥലം ലഭിച്ചില്ലെങ്കിൽ, ദൈവം അവരുടെ പ്രാർത്ഥന കേൾക്കുവാൻ തക്ക വിശ്വാസം അവർക്കില്ല എന്ന് അവർ കരുതും. ഈ ധാരണ അപകടകരമാണ്. കാരണം, അത്തരം അബദ്ധ വിശ്വാസം ദൈവത്തിന്റെ പരമാധികാരത്തെ കണക്കിലെടുക്കാതെ ദൈവത്തെ ഞങ്ങളുടെ ഇംഗിതപ്രകാരം ദുരുപയോഗിക്കുവാൻ ശ്രമിക്കുകയാണ്.

നിശ്ചയമായും സത്യവിശ്വാസം, ദാനിയേലിന്റെ സ്നേഹിതരിൽ കണ്ട പ്രകാരം, ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തിന്റെ ഗുണവിശേഷംകൊണ്ടും അതിൻ ഫലമായി നമുക്കു ദൈവത്തിൽ ഉണ്ടാകുന്ന തികഞ്ഞ ആത്മവിശ്വാസം കൊണ്ടുമാണു സത്യവിശ്വാസം, അളക്കപ്പെടേണ്ടത്. ആധികാരികമായ വിശ്വാസം ദൈവഇച്ഛയെ നമ്മുടെ ഇച്ഛയ്ക്കൊത്തു വളച്ചെടുക്കുവാൻ ആഗ്രഹിക്കുന്നില്ല; എന്നാൽ ഇതു നമ്മുടെ ഇച്ഛയെ ദൈവത്തിന്റേതിനു സമർപ്പിച്ചു കൊടുക്കുന്നു. നമ്മൾ കണ്ടതു പോലെ, ഈ മൂന്ന് എബ്രായർ, രാജകല്പനയെ അവഗണിച്ചു ദൈവത്തോടു വിശ്വസ്തർ ആയിരിക്കുവാൻ നിശ്ചയിച്ചപ്പോൾ, ദൈവം എന്താണ് അവർക്കായി കരുതിയിരിക്കുന്നത് എന്ന് അവർ അറിഞ്ഞിരുന്നില്ല. പരിണിതഫലം എന്തായിരുന്നാലും ശരിയായതു ചെയ്യുവാനാണ് അവർ തീരുമാനിച്ചത്. പക്വമായ ഒരു വിശ്വാസത്തിന്റെ ഗുണവിശേഷം ഇതാണ്. നമുക്ക് ആവശ്യമായതിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നമ്മൾ യഥാർത്ഥ വിശ്വാസം പ്രകടിപ്പിക്കുന്നു; അതേ സമയം, എന്താണു സംഭവിക്കുന്നത്, എന്തുകൊണ്ടാണ് അതങ്ങനെ എന്നു നമ്മൾ അറിയുന്നില്ലെങ്കിലും ഏറ്റവും അനുയോജ്യമായതു നൽകുന്നതിനു നാം ദൈവത്തിനു ഭരമേല്പിക്കുന്നു.

**നമ്മുടെ വിശ്വാസം വളർന്നു വലിയ വെല്ലുവിളികളെ നേരിടുവാൻ തക്കവണ്ണം പ്രാപ്തമാകേണ്ടതിനു, ദൈനംദിനം ചെറിയ കാര്യങ്ങളിൽ വിശ്വാസം ഉപയോഗിക്കാനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്? ചെറിയ കാര്യങ്ങളിലെ പരീക്ഷകൾ എന്തുകൊണ്ടു വളരെ പ്രധാനമാണ്?**

## കൂടുതൽ പഠനം:

ദുരാ സമഭൂമിയിലെ എബ്രായ യുവാക്കന്മാരുടെ അനുഭവത്തിലെ പാഠങ്ങൾ പഠിക്കുന്നതു പരമപ്രധാനമാണ്. നമ്മുടെ ഈ നാളുകളിൽ ദൈവത്തിന്റെ പല ദാസന്മാരും തെറ്റു ചെയ്യാതെ നിർദ്ദോഷികൾ ആയിരുന്നാലും, സാത്താനാൽ ആവേശിതരായവരുടെ അസൂയയും പിടിവാശിയും മൂലം, മാനഹാനിക്കും അധിക്ഷേപത്തിനും ഏല്പിക്കപ്പെടും. നാലാം കല്പനയിലെ ശബ്ബത്തിനെ വിശുദ്ധമായി ആചരിക്കുന്നവർക്ക് എതിരേ പ്രത്യേകാൽ മനുഷ്യരോഷം ഉയർന്നുവരും. അതിന്റെ അന്ത്യത്തിൽ ഇങ്ങനെ ഉള്ളവർ മരണയോഗ്യർ ആണെന്നു സാർവ്വലൗകിക കല്പനയും ഉണ്ടാകും.

“ദൈവജനത്തിനു മുമ്പിലുള്ള അസ്വസ്ഥതയുടെ കാലത്തു പതറാത്ത ഒരു വിശ്വാസം ആവശ്യമായി വരും, ദൈവമക്കൾ ദൈവം മാത്രമാണു തങ്ങളുടെ ആരാധനയ്ക്കു യോഗ്യനെന്നു പ്രകടമാക്കണം. വ്യാജ ആരാധനയ്ക്കായി യാതൊരു വിട്ടുവീഴ്ചയ്ക്കും മരണംതന്നെ ആയാലും, ഒരുക്കമല്ലെന്നും അവർ കാട്ടിക്കൊടുക്കണം. സത്യബദ്ധമായ ഹൃദയത്തിനു, പാപികളും പരിമിതരുമായ മനുഷ്യരുടെ ആജ്ഞകൾ നിത്യനായ ദൈവത്തിന്റെ വചനത്തിന്റെ സമീപേ നിഷ്പ്രഭമായിത്തീരും. തടവോ, നാടുകടത്തലോ, മരണമോ ആയാൽപോലും സത്യം അനുസരിക്കപ്പെടും.” Ellen G. White, Prophets and Kings, pp. 512, 513

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **1 പത്രൊസ് 1:3–9 വായിക്കുക. ദൈവം ചിലരെ കഷ്ടങ്ങളിൽനിന്നു വിടുവിക്കുകയും ചിലരെ വിടുവിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? അതോ ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരം നമുക്കു ലഭിക്കാൻ സാദ്ധ്യമല്ലേ? അത്ഭുതവിടുതൽ ഉണ്ടാകാത്തപ്പോഴും എന്തുകൊണ്ടു നമ്മൾ ദൈവത്തെ വിശ്വസിക്കണം?**
2. **ഒരുപക്ഷേ എബ്രായ യുവാക്കൾ തീച്ചൂളയിൽ മരിച്ചുപോയിരുന്നെങ്കിലും, എന്തു പാഠങ്ങളാണു നമ്മൾ സ്വീകരിക്കേണ്ടത്?**
3. **കാലാന്ത്യ സംഭവങ്ങളെക്കുറിച്ചുള്ള നമ്മുടെ അറിവിൽനിന്നു, നമ്മുടെ ആരാധനാവിഷയത്തിനുമേൽ വരാവുന്ന ബാഹ്യ അടയാളം, യഥാർത്ഥപ്രശ്നം എന്തായിരിക്കും? ശബ്ബത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇപ്പോൾ ഇത് എന്താണു നമ്മോടു പറയുന്നത്?**
4. **ലൂക്കൊസ് 16:10 വായിക്കുക. വിശ്വാസത്താൽ ജീവിക്കുക എന്നതിന്റെ അർത്ഥം ഗ്രഹിക്കുവാൻ ക്രിസ്തുവിന്റെ വചനങ്ങൾ നമ്മെ എങ്ങനെ സഹായിക്കുന്നു?**
5. **ദാനിയേൽ 3:15 വീണ്ടും വായിക്കുക. നെബൂഖദ്നേസ്സറിന്റെ ആ ചോദ്യത്തിനു നിങ്ങൾ എങ്ങനെ മറുപടി നൽകും?**